(Pages : 4) **S – 5801**

Reg. No. : ..............................

Name : ..................................

# First Semester B.A./B.Sc./B.Com. Degree Examination, October 2023

## First Degree Programme under CBCSS

## Double Main Programme

## Language Course – Additional Language – Malayalam

## ML 1111.3 : ഗദ്യസാഹിത്യം

## (2021 Admission Onwards)

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക. ഓരോന്നിനും 1 മാർക്ക് വീതം.

1. വിദ്യാവിനോദിനിയുടെ സ്ഥാപക പത്രാധിപർ ആരാണ് ?

2. ഈ.വി. കൃഷ്ണപിള്ള ഏതു പത്രത്തിന്റെ ആദ്യ പത്രാധിപരായിരുന്നു ?

3. നിരൂപണ സാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്ക്കാരത്തിന് അർഹമായ എം.എൻ. വിജയന്റെ കൃതി.

4. ദയാബായിയുടെ ആത്മകഥയുടെ പേര്.

5. 'വിക്ടോറിയ ചരിത്ര സംഗ്രഹം' എന്ന ജീവചരിത്രം എഴുതിയതാര്?

6. മലയാളത്തിലെ ആദ്യ സഞ്ചാരസാഹിത്യമെന്നറിയപ്പെടുന്ന കൃതി.

P.T.O.

St. Xaviers College Library

7. കെ.പി. കേശവമേനോന്റെ ആത്മകഥയുടെ പേര്.

8. 'ബുധിനി' എന്ന നോവൽ എഴുതിയതാര്?

9. 'അഗ്നിസാക്ഷി'ക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച വർഷം.

10. 'കല്ലുവെച്ച നുണകൾ' ആരുടെ കൃതിയാണ്?

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ **എട്ടു** ചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 മാർക്ക് വീതം.

11. ആദ്യകാല സാമൂഹ്യനോവലുകളുടെ സവിശേഷതകളേവ?

12. 'വിവർത്തനം' എന്ന പദത്തിനു പുറമെ മലയാളത്തിലുപയോഗിക്കുന്ന വാക്കുകളെയും അതിന്റെ സവിശേഷതകളെയും പരിചയപ്പെടുത്തുക.

13. സ്രോതഭാഷ, ലക്ഷ്യഭാഷ വിശദമാക്കുക.

14. മലയാളത്തിലെ ആത്മകഥാസാഹിത്യകൃതികളെ ആസ്പദമാക്കി ലഘുവിവരണമെഴുതുക.

15. ഗോണ്ട് ജനവിഭാഗത്തിന്റെ ജീവിതരീതികളെന്തെല്ലാം ?

16. തകഴിയുടെ ചെറുകഥകളുടെ പൊതുസവിശേഷതകളേവ ?

17. മലയാള നോവൽ സാഹിത്യ ചരിത്രത്തിലെ പ്രധാന കൃതികൾ പരിചയപ്പെടുത്തുക.

18. ഇന്ദ്രീയാർഥം എന്ന് സീതയെന്ന സ്ത്രീയെപ്പറ്റി രാമനെ കൊണ്ട് കാളിദാസൻ പറയിപ്പിച്ചതിനു പിന്നിലെ സാമൂഹ്യബോധമെന്താണ്?



St. Xaviers College Library

19. വില്ലുവണ്ടിയെന്ന ബിംബം പ്രതിനിധീകരിക്കുന്നത് എന്തിനെയാണ്?

20. ചെറുകഥയിലെ എഴുത്തുകാരികളെ പരിചയപ്പെടുത്തുക.

21. ഈ.വി. കൃഷ്ണപിള്ളയുടെ രചനകളുടെ പ്രത്യേകതകളെന്തെല്ലാം?

22. മുണ്ടൂർ കഥകളുടെ സവിശേഷതകളെന്തെല്ലാം?

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ **ആറ്** ചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 4 മാർക്ക് വീതം.

23. ടോട്ടിമിസം എന്നാൽ എന്ത്?

24. you may write me down in history,

with your bitter, twisted lies,

you may trod me in the very dirt

but still, like dust, I'll rise - കവിതാശകലം പരിഭാഷപ്പെടുത്തുക.

25. 'പച്ചവിരൽ' എന്ന ദയാബായിയുടെ കൃതി ആത്മകഥാംശപരമാണോ : പരിശോധിക്കുക.

26. സീതയും ഊർമ്മിളയും പരമ്പരാഗത മാതൃസങ്കല്പത്തിന്റെ വിമർശകരാകുന്നതെങ്ങനെ ?

27. വർണ്ണാധികാരത്തെയും ഉച്ചനീചത്വത്തെയും ഉഷ തകർക്കുന്നതെങ്ങനെ ?

28. എം.എൻ. വിജയന്റെ 'മങ്ങുന്ന ഭാഷ മാറുന്ന നാട്' എന്ന ഉപന്യാസം ഉന്നയിക്കുന്ന വിമർശനങ്ങളെ വിശദമാക്കുക.

29. സാമൂഹ്യവ്യവസ്ഥിതിയുടെ ചൂഷണങ്ങളോട് തകഴിയുടെ കഥ സംവദിക്കുന്നതെങ്ങനെ ?

St. Xaviers College Library

30. ‘അഗ്നിസാക്ഷി’ എന്ന നോവൽ സാമുദായിക ഉച്ചനീചത്വങ്ങളെ തകർക്കുന്നതെങ്ങനെ ?

31. മാതൃവഴി സമൂഹത്തിൽ നിന്നുള്ള മോചനത്തിനായുള്ള ഉദ്യമങ്ങൾ രൂപപ്പെട്ടപ്പോഴാണ് പുരുഷ ഗണങ്ങളുടെ കഥകൾ ആരംഭിക്കുന്നതെന്ന നിഗമനത്തിലേക്ക് എം. ലീലാവതി എത്തിച്ചേരുന്നതെങ്ങനെ ?

**(6 × 4 = 24 Marks)**

IV. **മുന്നൂറ്** വാക്കിൽ കവിയാതെ **രണ്ടെണ്ണ**ത്തിന് ഉത്തരം എഴുതുക.

32. മലയാള നോവൽസാഹിത്യത്തിലെ ഭാവുകത്വ പരിണാമത്തെ വിലയിരുത്തുക.

33. ചെറുകഥകളിലെ പെണ്ണെഴുത്തിന്റെ സവിശേഷതകളെ അഷിത, കെ. രേഖ തുടങ്ങിയവരുടെ കഥകളെ മുൻനിർത്തി പരിശോധിക്കുക.

34. ഉപന്യാസത്തിലെ വിഷയാപഗ്രഥനരീതിയിലുണ്ടായിട്ടുള്ള മാറ്റങ്ങളെ ഈ.വി. കൃഷ്ണപിള്ള, ടി. പത്മനാഭൻ, എം.എൻ. വിജയൻ തുടങ്ങിയവരുടെ കൃതികളിലൂടെ വ്യാഖ്യാനിക്കുക.

35. തേതിക്കുട്ടി സാമുദായിക പാരമ്പര്യങ്ങളിൽ നിന്നും വിമോചിതയാകുന്നുണ്ടോ? വിശദമായി പരിശോധിച്ചെഴുതുക.

**(2 × 15 = 30 Marks)**

---

St. Xaviers College Library